**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 291** **12-03-2025 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ ഫാമിംഗ് ചട്ടങ്ങളിലെ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | പഞ്ചായത്ത് പ്രദേശങ്ങളിൽ ഫാമുകൾ തുടങ്ങുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | **ഉണ്ട്, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 2024 ജൂലൈ 28-ാം തീയതിയിലെ സ.ഉ. (അ) നമ്പർ 40/2024/തസ്വഭ. എന്ന നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും 2024 ജൂലൈ 30-ാം തീയതിയിലെ 2456-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 658/2024 നമ്പരായി 2024 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പുതുക്കി കേരള സർക്കാർ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.** |
| (ബി) | പ്രസ്തുത ഇളവുകൾ മൃഗസംരക്ഷണ ഫാമിംഗ് മേഖലയിൽ കൂടുതൽ സംരംഭകർ കടന്നുവരുന്നതിനും തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കുന്നതിനും സഹായകമാവുമോ; വിശദാംശം നൽകാമോ; | (ബി) | 2024 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ നിലവിൽ വന്നതോട് കൂടി ഫാമിംഗ് മേഖലയിൽ കൂടുതൽ സംരംഭകർ കടന്നു വരുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായ കരമായിട്ടുണ്ട്. ഈ ചട്ടപ്രകാരം ഒരു ലൈവ്സ്റ്റോക്ക് / പൗൾട്രി ഫാം നടത്തുന്നതിന് ലൈസൻസ് ആവശ്യമായ മൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണത്തിൽ വർദ്ധന വരുത്തിയിട്ടുണ്ട്. കൂടാതെ ഫാം നടത്തുന്നതിന് ആവശ്യമായ ഭൂമിയുടെ ഏറ്റവും കുറഞ്ഞ വിസ്തൃതിയിലും മാറ്റം വരുത്തിയിട്ടുണ്ട്.<br><br>കാടഫാം, ടർക്കി ഫാം, എമു ഫാം, ഒട്ടകപക്ഷി ഫാം എന്നിവയുടെ എണ്ണവും പുതിയ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ലൈവ്സ്റ്റോക്ക് ഫാമുകളിൽ മുതിർന്ന മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിക്കുന്നതോ ആയവയുടെ എണ്ണത്തിനനുസൃതമായ ക്ലാസ് തിരിവിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതെല്ലാം ഫാമിംഗ് മേഖലയിൽ കൂടുതൽ സംരംഭകർ |

| | | | |
|---|---|---|---|
| | | | കടന്നുവരുന്നതിന് സഹായിക്കുന്നവയാണ്. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധാരണക്കാരായ കർഷകകുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും പന്നി ഫാമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ചട്ടങ്ങളിൽ വളരെ അധികം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. |
| (സി) | പുതുക്കിയ ചട്ടങ്ങൾ പ്രകാരം ഏതൊക്കെ ഫാമുകൾക്കാണ് ലൈസൻസ് ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മറ്റ് എന്തൊക്കെ മാറ്റങ്ങളാണ് പ്രസ്തുത ചട്ടങ്ങളിൽ വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ? | (സി) | **പത്ത് മൃഗങ്ങൾ വരെയുള്ള കന്നുകാലി ഫാമിനെയും അൻപത് മൃഗങ്ങൾ വരെയുള്ള ആട് ഫാമിനെയും അഞ്ച് മൃഗങ്ങൾ വരെയുള്ള പന്നി ഫാമിനെയും അൻപത് മൃഗങ്ങൾ വരെയുള്ള മുയൽ ഫാമിനെയും അഞ്ഞൂറ് പക്ഷികൾ വരെയുള്ള പൗൾട്രി ഫാമിനെയും ആയിരം പക്ഷികൾ വരെയുള്ള കാട ഫാമിനെയും അൻപത് പക്ഷികൾ വരെയുള്ള ടർക്കി ഫാമിനെയും പതിനഞ്ച് പക്ഷികൾ വരെയുള്ള എമു ഫാമിനെയും രണ്ട് പക്ഷികൾ വരെയുള്ള ഒട്ടക പക്ഷി ഫാമിനെയും ലൈസൻസ് നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.**<br><br>• **പഞ്ചായത്ത് ഫാം ലൈസൻസ് ചട്ടങ്ങളിൽ മൃഗങ്ങളുടെ പ്രായം പരിഗണിക്കാതെയാണ് എണ്ണം കണക്കാക്കിയിരുന്നതെങ്കിൽ പുതുക്കിയ ചട്ടങ്ങളിൽ മുതിർന്ന മൃഗങ്ങളെ കൃത്യമായി നിർവ്വചിക്കുന്നുണ്ട്.**<br>• **ലൈസൻസ് ആവശ്യമായ മൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതായത് കന്നുകാലി ഫാമിന് അഞ്ച് മൃഗങ്ങൾ വരെ നിലവിൽ ലൈസൻസ് ആവശ്യമില്ലായിരുന്നു. ആയത് പത്ത് മൃഗങ്ങൾ വരെ ആയി ഉയർത്തിയിട്ടുണ്ട്.**<br>• **ഫാം സ്ഥാപിക്കുന്നതിനാവശ്യമായ കുറഞ്ഞ സ്ഥലത്തിന്റെ അനുപാതത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അതായത് ഒരു കന്നുകാലിക്ക് കുറഞ്ഞത് ഒരു സെന്റ് ഭൂമി ആവശ്യമാണ് എന്നുള്ളത് മൂന്ന് കന്നുകാലികൾക്ക് ഒരു സെന്റ് എന്നാക്കി മാറ്റിയിട്ടുണ്ട്.**<br>• **ലൈസൻസ് ആവശ്യമില്ലെങ്കിൽ പോലും 5മുതൽ 10 വരെ മുതിർന്ന മൃഗങ്ങൾ ഉള്ള കന്നുകാലി ഫാമുകളിലും 100 മുതൽ 500 വരെ പക്ഷികൾ ഉള്ള ഫാമുകളിലും 5-ൽ താഴെ പന്നികളെ വളർത്തുന്ന ഫാമുകളിലും മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിന് വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **പഞ്ചായത്ത് പ്രദേശങ്ങളിലെ പന്നി ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള പ്രത്യേക വ്യവസ്ഥകളും ഭേദഗതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, അപ്പാർട്ടുമെന്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഭക്ഷണാവശിഷ്ടങ്ങളും കശാപ്പുശാല മാലിന്യങ്ങളും പന്നികൾക്ക് നൽകാവുന്നതാണ്. പന്നി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളിൽ അത്തരം ഭക്ഷണാവശിഷ്ടങ്ങളുടെ ഉറവിടങ്ങൾ വ്യക്തമായി പരാമർശിക്കണം. പന്നി ഫാമുകളിലേക്ക് ഭക്ഷണാവശിഷ്ടങ്ങൾ കൊണ്ടുപോകുന്നതിന് കർശനമായ വ്യവസ്ഥകളും നിർദ്ദേശിക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ